**നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള**
**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ**
**ദൂതുകളുടെ രൂപരേഖ**

**പൊതു വിഷയം:**
**ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു**

ദൂത് ഒന്ന്

## ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഭരണം

EM *Hymns*: ML164, ML203

തിരുവെഴുത്ത് വായന: 1 പത്രൊ. 1:2-3, 5, 10-12, 20; 2:1-5, 9; 3:4; 4:14; 5:10; 2 പത്രൊ. 1:4; 3:13, 18

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

1 പത്രൊ. 1:5 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു;

1 പത്രൊ. 1:10 നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു,

1 പത്രൊ. 1:11 ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു.

1 പത്രൊ. 1:12 തങ്ങൾക്കുതന്നെയല്ല നിങ്ങൾക്കത്രേ അവർ ഈ കാര്യങ്ങൾ ശുശ്രൂഷിച്ചതെന്ന് അവർക്കു വെളിപ്പെട്ടു, അവ സ്വർഗത്തിൽ നിന്ന് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചവരിലൂടെ ഇപ്പോൾ നിങ്ങളോട് അറിയിച്ചിരിക്കുന്നു, അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു.

1 പത്രൊ. 1:20 അവനെ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിഞ്ഞിരുന്നു, എന്നാൽ നിങ്ങൾ നിമിത്തം അന്ത്യകാലങ്ങളിൽ വെളിവാക്കിയിരിക്കുന്നു,

1 പത്രൊ. 2:1 അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്,

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

**I. പത്രൊസിന്റെ ലേഖനങ്ങളുടെ വിഷയം ദൈവത്തിന്റെ ന്യായവിധിയോടുകൂടിയ അവന്റെ ഭരണമാണ്:**

A. ദൈവത്തിന്റെ ന്യായവിധി ദൂതന്മാരിൽനിന്ന് തുടങ്ങുകയും (2 പത്രൊ. 2:3-4) പഴയനിയമത്തിലുള്ള മനുഷ്യരുടെ തലമുറകളിലൂടെ കടന്നുപോകുകയും ചെയ്തു (വാ. 5-9).

2 പത്രൊ. 2:3 ദ്രവ്യാഗ്രഹത്തിൽ, കെട്ടിച്ചമച്ച വാക്കുകൾകൊണ്ട്, അവർ നിങ്ങളെ വാണിജ്യമാക്കും, അവർക്കുള്ള പൂർവകാല ന്യായവിധി നിഷ്ക്രിയമല്ല, അവരുടെ നാശം ഉറങ്ങുന്നില്ല.

2 പത്രൊ. 2:4 പാപം ചെയ്ത ദൂതന്മാരെ ദൈവം അവശേഷിപ്പിക്കാതെ, താർതാറോസിലേക്ക് തള്ളിയിട്ട്, അവരെ, ന്യായവിധിക്കായി സൂക്ഷിച്ചു കൊണ്ട്, ഇരുണ്ട ഗർത്തത്തിന് ഏൽപ്പിക്കുകയും;

2 പത്രൊ. 2:5 പുരാതന ലോകത്തെ അവശേഷിപ്പിക്കാതെ, ഭക്തികെട്ടവരുടെ ലോകത്തിന്മേൽ അവൻ ജലപ്രളയം കൊണ്ടുവന്നപ്പോൾ, നീതിഘോഷകനായ, നോഹയെ ഏഴു പേരൊടൊപ്പം കാക്കുകയും;

2 പത്രൊ. 2:6 സൊദോം ഗൊമോറാ പട്ടണങ്ങളെ ചാരമാക്കി, ഭക്തികെട്ട ജീവിതം നയിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് അവയെ ഒരു ദൃഷ്ടാന്തമായി വച്ചിട്ട്, നാശത്തിനു കുറ്റം വിധിക്കുകയും,

2 പത്രൊ. 2:7 അധർമികളുടെ ദുർന്നടപ്പിൻപ്രകാരമുള്ള നടപ്പിനാൽ പീഡയേറ്റ, നീതിമാനായ ലോത്തിനെ രക്ഷിക്കുകയും ചെയ്തെങ്കിൽ,

2 പത്രൊ. 2:8 (അവരുടെ ഇടയിൽ സ്ഥിരതാമസമാക്കിയ, ആ നീതിമാനായ മനുഷ്യൻ, നാൾതോറുമുള്ള അവരുടെ അധർമ പ്രവൃത്തികൾ കണ്ടും കേട്ടും തന്റെ നീതിയുള്ള ദേഹിയെ ദണ്ഡിപ്പിച്ചുവല്ലോ);

2 പത്രൊ. 2:9 ഭക്തനെ എങ്ങനെ പരീക്ഷയിൽ നിന്ന് വിടുവിക്കണമെന്നും, നീതികെട്ടവരെ ന്യായവിധിയുടെ, ദിവസത്തിനായി എങ്ങനെ

ശിക്ഷയിൻ കീഴിൽ സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു,

B. പുതിയനിയമ യുഗത്തിൽ അത് ദൈവഭവനത്തിൽ നിന്ന് ആരംഭിക്കുകയും (1 പത്രൊ. 1:17; 2:23; 4:6, 17) സഹസ്രാബ്ദത്തിനുമുമ്പ് യെഹൂദന്മാർക്കും, വിശ്വാസികൾക്കും, ജാതികൾക്കും മേലുള്ള ന്യായവിധിയുടെ ദിവസമായ (വാ. 12) കർത്താവിന്റെ ദിവസം വരുന്നതുവരെ തുടരുകയും ചെയ്യുന്നു (2 പത്രൊ. 3:10).

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 4:6 ഇതിനായിട്ടാകുന്നു മരിച്ചവരോടും സുവിശേഷം അറിയിച്ചത്, അവർ മനുഷ്യർക്കൊത്തവണ്ണം ജഡത്തിൽ ന്യായംവിധിക്കപ്പെടേണ്ടതിനും ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനും തന്നെ.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

2 പത്രൊ. 3:10 എന്നാൽ കർത്താവിന്റെ നാൾ കള്ളനെപ്പോലെ വരും, അതിൽ ആകാശം മുഴക്കത്തോടെ നീങ്ങിപ്പോകുകയും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്തലിയുകയും, ഭൂമിയും അതിലുള്ള വേലകളും എരിഞ്ഞു പോകുകയും ചെയ്യും.

2 പത്രൊ. 3:12 ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത് ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം?

C. സഹസ്രാബ്ദത്തിനുശേഷം, മനുഷ്യരും ഭൂതങ്ങളും ഉൾപ്പെടെ എല്ലാ മരിച്ചവരും ന്യായംവിധിക്കപ്പെടുകയും നശിച്ചുപോകുകയും (1 പത്രൊ. 4:5; 2 പത്രൊ. 3:7), ആകാശവും ഭൂമിയും തീയാൽ വെന്തുപോകുകയും ചെയ്യും (വാ. 10, 12).

1 പത്രൊ. 4:5 ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കും.

2 പത്രൊ. 3:7 എന്നാൽ ഇപ്പോഴുള്ള ആകാശവും ഭൂമിയും, അതേ വചനത്താൽ, ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ നാശത്തിന്റെയും നാളിനായി സൂക്ഷിച്ചുകൊണ്ട്, തീയ്ക്കായി കരുതിവച്ചിരിക്കുന്നു എന്നത് അവർ മനഃപൂർവമായി അറിയാതിരിക്കുന്നു.

2 പത്രൊ. 3:10 എന്നാൽ കർത്താവിന്റെ നാൾ കള്ളനെപ്പോലെ വരും, അതിൽ ആകാശം മുഴക്കത്തോടെ നീങ്ങിപ്പോകുകയും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്തലിയുകയും, ഭൂമിയും അതിലുള്ള വേലകളും എരിഞ്ഞു പോകുകയും ചെയ്യും.

2 പത്രൊ. 3:12 ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത് ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം?

D. വിവിധ ന്യായവിധികളുടെ ഫലങ്ങൾ ഒന്നുതന്നെയല്ല; ചില ന്യായവിധികൾ ശിക്ഷണപരമായ ഇടപെടലിലും, ചിലത് യുഗപരമായ ശിക്ഷയിലും, ചിലത് നിത്യനാശത്തിലും കലാശിക്കുന്നു—2:1, അടിക്കുറിപ്പ് 5, പോയിന്റ് 2.

2 പത്രൊ. 2:1 എന്നാൽ ജനത്തിനിടയിൽ കള്ളപ്രവാചകന്മാരും എഴുന്നേറ്റു, നിങ്ങളുടെ ഇടയിൽ ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും, അവർ നാശകരമായ ഭിന്നതകൾ രഹസ്യത്തിൽ കൊണ്ടുവരും, അവരെ വാങ്ങിയ യജമാനനെ പോലും ത്യജിച്ചുകൊണ്ട്, തങ്ങളുടെ മേൽ ശീഘ്രനാശം വരുത്തുന്നു.

അടിക്കുറിപ്പ് (2)

അപ്പോലെയാ—അപ്പോലൂമി എന്നതിന് സമാനം. അത് നഷ്ടം (നിലനിൽപിന്റെയല്ല, ക്ഷേമത്തിന്റെ), ഹാനി, നാശം, അഥവാ, (ശാരീരികമോ, ആത്മികമോ , നിത്യമോ ആയ) വിനാശത്തെ സൂചിപ്പിക്കുന്നു . അതിനെ 2:1-ൽ നാശകരം എന്നും, നാശം എന്നും, 2:3; 3:7, 16 എന്നിവയിൽ നാശം എന്നും തർജമ ചെയ്തിരിക്കുന്നു . ദൈവത്തിന്റെ ബഹുവിധ ന്യായവിധികളുടെ വ്യത്യസ്ത ഫലങ്ങളെ കുറിക്കുവാനായി ഇതേ പദം ഉപയോഗിച്ചിരിക്കുന്നു (1 പത്രൊ. 1-ൽ കുറിപ്പ് 172, ഖണ്ഡിക 2 കാണുക). 2:1, 3; 3:7; യോഹ. 17:12; റോമ . 9:22; ഫിലി. 1:28; 3:19; 2 തെസ്സ . 2:3; വെ ളി. 17:8, 11 എന്നിവയിൽ വിവരിച്ചിരിക്കുന്നത് പോലെയുള്ള സംഭവങ്ങളിൽ, അത് നിത്യനാശത്തെ കുറിക്കുന്നു . 3:16 (കുറിപ്പ് 3 കാണുക), എബ്രാ. 10:39 (കുറിപ്പ് 1 കാണുക) എന്നിവയിൽ, അത് നിത്യനാശത്തെയല്ല, പിന്നെയോ ദൈവത്തിന്റെ ഭരണസംബന്ധമായ ശിക്ഷണത്തിലെ ശിക്ഷയെ കുറിക്കുന്നു. മത്താ യി 7:13,1 തിമൊ . 6:9 എന്നിവയിൽ അത് ഏതൊരു സംഭവത്തിനും ഉപയോഗിക്കുന്നതായ തത്ത്വത്തെ കുറിക്കുന്നു.

E. എന്നിരുന്നാലും, ഈ എല്ലാ ന്യായവിധികളിലൂടെയും കർത്താവായ ദൈവം തന്റെ പ്രസാദത്തിനായി തന്റെ നീതിയാൽ നിറഞ്ഞ (3:13) ഒരു പുതിയ പ്രപഞ്ചത്തിനുവേണ്ടി പുതിയ ആകാശവും പുതിയ ഭൂമിയും തനിക്കുണ്ടായിരിക്കേണ്ടതിന് മുഴുവൻ പ്രപഞ്ചത്തെയും അവൻ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

F. ദൈവത്തിന്റെ ഭരണപരമായ ന്യായവിധിയെ ദാനീയേലിന്റെ പുസ്തകത്തിലും കാണാം:

1. നെബൂഖദ്നേസറിന്റെ "ഹൃദയം ഗർവിച്ചു, അവന്റെ മനസ്സ് അഹങ്കാരത്താൽ കഠിനമായിപ്പോയശേഷം അവൻ രാജാസനത്തിൽനിന്ന് നീങ്ങിപ്പോയി; അവർ അവന്റെ മഹത്വം അവങ്കൽനിന്ന് എടുത്തുകളഞ്ഞു" (5:20); "വാഴുന്നത് സ്വർഗമാകുന്നു എന്ന് ഗ്രഹിച്ചശേഷം" (4:26; 5:21) അവന്റെ രാജത്വം അവന് സ്ഥിരമാകും എന്ന് ദൈവം പറഞ്ഞു.

ദാനീ. 4:26 വൃക്ഷത്തിന്റെ തായ് വേർ വെച്ചേക്കുവാൻ അവർ കല്പിച്ചതോ: വാഴുന്നതു സ്വർഗ്ഗമാകുന്നു എന്നു തിരുമനസ്സുകൊണ്ടു ഗ്രഹിച്ചശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും എന്നത്രേ.

ദാനീ. 5:21 അങ്ങനെ അവൻ മനുഷ്യരുടെ ഇടയിൽനിന്നു നീങ്ങി; അവന്റെ ഹൃദയം മൃഗപ്രായമായ്തീർന്നു; അവന്റെ പാർപ്പു കാട്ടുകഴുതകളോടുകൂടെ ആയിരുന്നു; അവനെ കാളയെപ്പോലെ പുല്ലു തീറ്റി; മനുഷ്യരുടെ രാജത്വത്തിന്മേൽ അത്യുന്നതനായ ദൈവം വാഴുകയും തനിക്കു ബോധിച്ചവനെ അതിന്നു നിയമിക്കയും ചെയ്യുന്നു എന്നു അവൻ അറിഞ്ഞതുവരെ

അവന്റെ ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ടു നനഞ്ഞു.

2. അവന്റെ പിൻതുടർച്ചക്കാരനായ ബേൽശസ്സരിന് ഇതെല്ലാം അറിയാമായിരുന്നെങ്കിലും, ദൈവമുമ്പാകെയുള്ള അവന്റെ ധിക്കാരം ദൈവത്തിന്റെ വിശുദ്ധിക്ക് ഒരു അപമാനമായിരുന്നു; ദാനീയേൽ അവനോട് പറഞ്ഞു, "നിന്റെ ശ്വാസവും എല്ലാ വഴികളും കൈവശമുള്ളവനായ ദൈവത്തെ നീ മഹത്വീകരിച്ചില്ല" (വാ. 23); അങ്ങനെ, അവന്റെ രാജ്യം "വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തു" (വാ. 28).

G. അങ്ങനെ, പത്രൊസ് നമ്മോട് പറയുന്നു, "നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ" (1 പത്രൊ. 1:17); “അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താഴ്ത്തപ്പെട്ടിരിക്കുവിൻ” എന്നും അവൻ പറയുന്നു (5:6); ദൈവത്തിന്റെ ശിക്ഷണത്തിൽ അവന്റെ താഴ്ത്തുന്ന കരത്താൽ താഴ്ത്തപ്പെടുവാൻ മനസ്സുള്ളവരായിരിക്കുന്നത് ദൈവത്തിന്റെ ഉയർത്തുന്ന കരത്താൽ നാം ഉയർത്തപ്പെടുന്നതിനും, താഴ്മയുള്ള വിശ്വാസിയിൽ പെരുകുന്ന (വാ. 5. 1:2; 4:10) ജീവസഹായമായ ത്രിയേക ദൈവത്തെത്തന്നെ നാം ആസ്വദിക്കുന്നതിനുമുള്ള ഒരു മുൻഉപാധിയാണ്.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

H. കർത്താവിനെ ഭയപ്പെടുകയെന്നാൽ അവൻ നമ്മെ സൃഷ്ടിച്ച അത്ഭുതവാനായ ദൈവമാണെന്നത് (യെശ. 43:7) ഒരിക്കലും മറക്കാതെ അവനെ ബഹുമാനിക്കുകയും സകലത്തിലും അവനെ ആദരിക്കുകയും ചെയ്യുക എന്നാണ് (സങ്കീ. 86:11; യെശ. 11:2; സദൃ. 1:7; 3:5-10); കർത്താവിനെ ഭയപ്പെടുന്നത് തിന്മ ചെയ്യുന്നതിൽനിന്നും നമ്മെ തടയുന്നു; അത് മറ്റുള്ളവരുടെ കഷ്ടങ്ങളാൽ നാം സ്പർശിക്കപ്പെടുവാനും അവരോട് കരുണയും മനസ്സലിവും കാണിക്കുവാനും നമ്മെ ഇടയാക്കുന്നു.

സങ്കീ. 86:11 യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ.

യെശ. 11:2 അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.

സദൃ. 1:7 യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു.

സദൃ. 3:5 പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു.

സദൃ. 3:6 നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും;

സദൃ. 3:7 നിനക്കു തന്നേ നീ ജ്ഞാനിയായി തോന്നരുതു; യഹോവയെ ഭയപ്പെട്ടു ദോഷം വിട്ടുമാറുക.

സദൃ. 3:8 അതു നിന്റെ നാഭിക്കു ആരോഗ്യവും അസ്ഥികൾക്കു തണുപ്പും ആയിരിക്കും.

സദൃ. 3:9 യഹോവയെ നിന്റെ ധനംകൊണ്ടും എല്ലാവിളവിന്റെയും ആദ്യഫലംകൊണ്ടും ബഹുമാനിക്ക.

സദൃ. 3:10 അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും; നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും.

യെശ. 43:7 എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

II. **1-ഉം 2-ഉം പത്രൊസിന്റെ വിഷയം ദൈവത്തിന്റെ ഭരണമാണെങ്കിലും, ഈ ലേഖനങ്ങളുടെ കേന്ദ്രീയ ദൃഷ്ടികേന്ദ്രവും അടിസ്ഥാന ഘടനയും ഇതല്ല; ദൈവത്തിന്റെ ഭരണത്തെ സംബന്ധിച്ച സകലവും ഈ ലേഖനങ്ങളുടെ കേന്ദ്രബിന്ദുവിലേക്കും അടിസ്ഥാന ഘടനയിലേക്കും—ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനുള്ള നമ്മുടെ പൂർണ്ണ ആസ്വാദനമായ ത്രിയേക ദൈവത്തിലേക്ക്—നമ്മെ മടക്കിക്കൊണ്ടുവരണം:**

A. 1-ഉം 2-ഉം പത്രൊസിന്റെ കേന്ദ്രീയ ദൃഷ്ടികേന്ദ്രവും അടിസ്ഥാന ഘടനയും, തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ത്രിയേക ദൈവത്തിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് കൊണ്ടുവരുന്നതിനായി അവന്റെ വ്യവസ്ഥയിൽ വ്യാപരിക്കുന്ന ഊർജം പകരുന്നവനായ ത്രിയേക ദൈവമാണ്; ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനായ നമ്മുടെ മനുഷ്യാത്മാവും തേജസ്സിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവുമായ ദൈവത്തിന്റെ ആത്മാവും നമ്മുടെ ഓഹരിയെന്ന നിലയിൽ അവന്റെ ദിവ്യ പ്രകൃതത്തിൽ ദൈവത്തിൽനിന്ന് പങ്കുകൊള്ളുവാനുള്ള മുഖാന്തരങ്ങളാണ്—1 പത്രൊ. 1:2-3, 5, 11; 2:1-3, 5, 9; 3:4; 4:14; 5:10; 2 പത്രൊ. 1:4.

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

1 പത്രൊ. 1:5 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു;

1 പത്രൊ. 1:11 ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു.

1 പത്രൊ. 2:1 അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്,

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ,

പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

B. ത്രിയേക ദൈവത്തിന് ഒരു വാസസ്ഥലം ഉണ്ടായിരിക്കുകയും അവനെ ആവിഷ്കരിക്കുവാൻ നാം തേജസ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് നാം വീണ്ടുംജനിക്കുകയും, നാം അവന്റെ വചനം ഭക്ഷിക്കുകയും, നാം വളരുകയും, രൂപാന്തരപ്പെടുകയും, പണിയപ്പെടുകയും ചെയ്യത്തക്കവണ്ണം അവന്റെ പൂർണ രക്ഷ നിവർത്തിക്കുവാൻ വ്യാപരിക്കുന്ന ത്രിയേക ദൈവമാണ് 1-ഉം 2-ഉം പത്രൊസിന്റെ കേന്ദ്രീയ ദൃഷ്ടികേന്ദ്രവും അടിസ്ഥാന ഘടനയും—1 പത്രൊ. 1:23; 2:1-5, 9.

1 പത്രൊ. 1:23 ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്.

1 പത്രൊ. 2:1 അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്,

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

C. ആദ്യകാല അപ്പൊസ്തലന്മാരായ യോഹന്നാനും, പൗലൊസും, താനും (അവരുടെ ശൈലിയും, പദാവലിയും, ഉച്ചാരണവും, അവരുടെ വീക്ഷണങ്ങളുടെ ചില വശങ്ങളും, അവരുടെ ഉപദേശങ്ങൾ അവതരിപ്പിച്ച രീതിയും വ്യത്യസ്തമായിരുന്നെങ്കിലും) ഒരേ നിസ്തുലമായ ശുശ്രൂഷയിൽ, പുതിയനിയമ ശുശ്രൂഷയിൽ, പങ്കുചേർന്നിരുന്നുവെന്ന് സമ്മതിക്കുന്നതിൽ പത്രൊസ് ധൈര്യമുള്ളവനായിരുന്നു—2 പത്രൊ. 1:12-21; 3:2, 15-16; 2 കൊരി. 3:6, 8-9; 4:1.

| | |
|---|---|
| 2 പത്രൊ. 1:12 | അതുകൊണ്ട് നിങ്ങൾ ഇവ അറിയുകയും നമ്മുടെ പക്കലുള്ള സത്യത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നെങ്കിലും, ഇവയെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തുവാൻ ഞാൻ എപ്പോഴും ഒരുങ്ങിയിരിക്കും. |
| 2 പത്രൊ. 1:13 | ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം, ഒരു ഓർമപ്പെടുത്തലിനാൽ നിങ്ങളെ ഉണർത്തുന്നത് ശരിയാണെന്ന് ഞാൻ കരുതുന്നു, |
| 2 പത്രൊ. 1:14 | നമ്മുടെ കർത്താവായ യേശു ക്രിസ്തു എനിക്കു വ്യക്തമാക്കിത്തന്നതുപോലെ, എന്റെ കൂടാരത്തിന്റെ ഉരിയൽ ആസന്നമാകുന്നുവെന്ന് അറിഞ്ഞുകൊണ്ട് തന്നെ. |
| 2 പത്രൊ. 1:15 | അതിലുപരി എന്റെ പുറപ്പാടിനു ശേഷം, നിങ്ങൾക്ക് ഈ കാര്യങ്ങൾ എപ്പോഴും ഓർമയിൽ കൊണ്ടുവരേണ്ടതിന് ഞാൻ ഉൽസാഹിക്കും. |
| 2 പത്രൊ. 1:16 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ശക്തിയും വരവും ഞങ്ങൾ നിങ്ങളോട് അറിയിച്ചത് ഞങ്ങൾ സമർഥമായി ആസൂത്രണം ചെയ്ത കെട്ടുകഥകളെ പിന്തുടർന്നിട്ടല്ല, അവന്റെ മാഹാത്മ്യത്തിന്റെ ദൃക്സാക്ഷികൾ ആയിത്തീർന്നിട്ടത്രേ. |
| 2 പത്രൊ. 1:17 | ഇവൻ എന്റെ പുത്രൻ, എന്റെ പ്രിയനായവൻ, ഇവനിൽ ഞാൻ പ്രസാദിക്കുന്നു എന്നിങ്ങനെയുള്ള ഒരു ശബ്ദം മഹത്തായ തേജസ്സിനാൽ അവനു വഹിച്ചിട്ട്, അവൻ പിതാവായ ദൈവത്തിൽനിന്ന് മാനവും തേജസ്സും പ്രാപിച്ചു. |
| 2 പത്രൊ. 1:18 | അവനോടുകൂടെ വിശുദ്ധ പർവതത്തിൽ ആയിരിക്കുമ്പോൾ സ്വർഗത്തിൽനിന്ന് ഈ ശബ്ദം വഹിക്കുന്നതായി ഞങ്ങൾ കേട്ടു. |
| 2 പത്രൊ. 1:19 | കൂടാതെ അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു. |
| 2 പത്രൊ. 1:20 | തിരുവെഴുത്തിലെ പ്രവചനം ഒന്നും ഒരുവന്റെ സ്വന്തം വ്യാഖ്യാനത്തിൽനിന്ന് ഉളവാകുന്നതല്ല എന്ന് ആദ്യം അറിഞ്ഞുകൊണ്ടുതന്നെ; |
| 2 പത്രൊ. 1:21 | എന്തെന്നാൽ ഒരു പ്രവചനവും ഒരിക്കലും മനുഷ്യന്റെ ഹിതത്താൽ വഹിച്ചതല്ല, പരിശുദ്ധാത്മാവിനാൽ വഹിച്ചുകൊണ്ടിരിക്കുമ്പോൾ മനുഷ്യർ ദൈവത്തിൽനിന്ന് സംസാരിച്ചതത്രേ. |
| 2 പത്രൊ. 3:2 | അങ്ങനെ നിങ്ങൾ മുമ്പ് വിശുദ്ധ പ്രവാചകന്മാരാൽ സംസാരിച്ച വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാരാൽ പ്രസംഗിച്ച നമ്മുടെ കർത്താവും രക്ഷിതാവുമായവന്റെ കൽപനയും ഓർക്കുവാൻ ഇടവരും; |
| 2 പത്രൊ. 3:15 | നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷയായി എണ്ണുവിൻ, നമ്മുടെ പ്രിയ സഹോദരനായ പൗലൊസും, തനിക്കു ലഭിച്ച ജ്ഞാനത്തിനൊത്തവണ്ണം നിങ്ങൾക്ക് എഴുതിയതുപോലെ, |

2 പത്രൊ. 3:16 അവന്റെ എല്ലാ ലേഖനങ്ങളിലും, ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നുവല്ലോ, അതിൽ ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമാകുന്നു, അവയെ അറിവില്ലാത്തവരും അസ്ഥിരരും, ശേഷം തിരുവെഴുത്തുകളെപ്പോലെ തന്നെ തങ്ങളുടെ സ്വന്ത നാശത്തിനായി വളച്ചൊടിക്കുന്നു.

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

2 കൊരി. 3:8 ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

2 കൊരി. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

2 കൊരി. 4:1 അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല;

D. ഇങ്ങനെയുള്ള ഒരു ശുശ്രൂഷ, പിതാവിന്റെ നിത്യോദ്ദേശ്യത്തിനൊത്തവണ്ണം ത്രിയേക ദൈവത്തിന്റെ പൂർണ ആവിഷ്കാരമായ നിറവിൽ പരിണതി പ്രാപിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടി മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം, ആരോഹണം എന്നീ പ്രക്രിയകളിലൂടെ കടന്നുപോയശേഷം തങ്ങളുടെ നിസ്തുല ജീവ ഓഹരിയായും തങ്ങളുടെ ജീവസഹായവും സകലവുമായും തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലേക്ക് ക്രിസ്തുവിന്റെ വീണ്ടെടുപ്പു മുഖാന്തരവും പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും അവനെത്തന്നെ പകരുന്ന ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അതിന്റെ ദൃഷ്ടികേന്ദ്രമായി ശുശ്രൂഷിക്കുന്നു—പ്രവൃ. 2:36; 3:13, 15; 10:36; 1 പത്രൊ. 1:2-3, 18-19, 23; 2:2-5, 7, 9, 25; 3:7; 4:10, 17; 5:2, 4, 10; 2 പത്രൊ. 1:2-4; 3:18.

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 10:36 യേശു ക്രിസ്തുവിലൂടെ (ഇവൻ എല്ലാവരുടെയും കർത്താവാകുന്നു) സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് യിസ്രായേൽ പുത്രന്മാർക്ക് അവൻ അയച്ച വചനം,

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള

| | |
|---|---|
| | യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |
| 1 പത്രൊ. 1:18 | നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല, |
| 1 പത്രൊ. 1:19 | നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ; |
| 1 പത്രൊ. 1:23 | ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്. |
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |
| 1 പത്രൊ. 2:3 | രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛരിക്കുവിൻ. |
| 1 പത്രൊ. 2:4 | മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, |
| 1 പത്രൊ. 2:5 | നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു. |
| 1 പത്രൊ. 2:7 | അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു," |
| 1 പത്രൊ. 2:9 | എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു; |
| 1 പത്രൊ. 2:25 | നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു. |
| 1 പത്രൊ. 3:7 | അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ. |
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |
| 1 പത്രൊ. 4:17 | എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും? |
| 1 പത്രൊ. 5:2 | നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല |

ഉൽസാഹത്തോടെയും,

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

**III. എട്ട് അധ്യായങ്ങൾ മാത്രം അടങ്ങുന്ന തന്റെ രണ്ട് ലേഖനങ്ങളിൽ, ലോകസ്ഥാപനത്തിനു മുമ്പുള്ള കഴിഞ്ഞകാല നിത്യത മുതൽ (1 പത്രൊ. 1:2, 20) ഭാവികാല നിത്യതയിലെ പുതിയ ആകാശവും പുതിയ ഭൂമിയും വരെയുള്ള (2 പത്രൊ. 3:13) ദൈവത്തിന്റെ മുഴുവൻ വ്യവസ്ഥയെയും പത്രൊസ് ഉൾപ്പെടുത്തിയിരിക്കുന്നു; പ്രവാചകന്മാർ പ്രവചിച്ചതും അപ്പൊസ്തലന്മാർ പ്രസംഗിച്ചതുമായ ദൈവത്തിന്റെ വ്യവസ്ഥയോട് ബന്ധപ്പെട്ട നിർണായക കാര്യങ്ങളെ (1 പത്രൊ. 1:10-12) അവൻ നാലു വശങ്ങളിൽനിന്നും അനാവരണം ചെയ്യുന്നു.**

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 1:20 അവനെ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിഞ്ഞിരുന്നു, എന്നാൽ നിങ്ങൾ നിമിത്തം അന്ത്യകാലങ്ങളിൽ വെളിവാക്കിയിരിക്കുന്നു,

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

1 പത്രൊ. 1:10 നിങ്ങൾക്കു വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ, ഈ രക്ഷയെക്കുറിച്ച് ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തിരയുകയും ചെയ്തിരുന്നു,

1 പത്രൊ. 1:11 ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു.

1 പത്രൊ. 1:12 തങ്ങൾക്കുതന്നെയല്ല നിങ്ങൾക്കത്രേ അവർ ഈ കാര്യങ്ങൾ ശുശ്രൂഷിച്ചതെന്ന് അവർക്കു വെളിപ്പെട്ടു, അവ സ്വർഗത്തിൽ നിന്ന്

അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചവരിലൂടെ ഇപ്പോൾ നിങ്ങളോട് അറിയിച്ചിരിക്കുന്നു, അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു.

A. ത്രിയേക ദൈവത്തിന്റെ വശത്തുനിന്ന്:

1. പിതാവായ ദൈവം തന്റെ മുന്നറിവനൊത്തവണ്ണം നിത്യതയിൽ ഒരു ജനത്തെ തിരഞ്ഞെടുക്കുകയും (വാ. 1-2; 2:9) അവരെ തന്റെ തേജസ്സിലേക്ക് വിളിക്കുകയും ചെയ്തു (2 പത്രൊ. 1:3).

| | |
|---|---|
| 1 പത്രൊ. 1:1 | യേശു ക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ്, പൊന്തൊസിലും ഗലാത്യയിലും കപ്പദോക്യയിലും ആസ്യയിലും ബിഥുന്യയിലും ചിതറിപ്പാർക്കുന്ന പരദേശികളായ, |
| 1 പത്രൊ. 1:2 | പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. |
| 1 പത്രൊ. 2:9 | എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു; |
| 2 പത്രൊ. 1:3 | തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ, |

2. ലോകസ്ഥാപനത്തിനുമുമ്പ് ദൈവത്താൽ മുന്നറിയപ്പെട്ടവനും എന്നാൽ അന്ത്യകാലങ്ങളിൽ വെളിവാക്കപ്പെട്ടവനുമായ ക്രിസ്തു (1 പത്രൊ. 1:20) ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ (വാ. 18-19, 2) തന്റെ പകരക്കാരനായുള്ള മരണത്താലും (2:24; 3:18) ജീവനിലുള്ള തന്റെ പുനരുത്ഥാനവും ശക്തിയിലുള്ള ആരോഹണവും മുഖാന്തരവും (1:3; 3:21-22) വീണ്ടെടുക്കുകയും രക്ഷിക്കുകയും ചെയ്തു.

| | |
|---|---|
| 1 പത്രൊ. 1:20 | അവനെ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിഞ്ഞിരുന്നു, എന്നാൽ നിങ്ങൾ നിമിത്തം അന്ത്യകാലങ്ങളിൽ വെളിവാക്കിയിരിക്കുന്നു, |
| 1 പത്രൊ. 1:18 | നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല, |
| 1 പത്രൊ. 1:19 | നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ; |
| 1 പത്രൊ. 1:2 | പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. |
| 1 പത്രൊ. 2:24 | നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, |

അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1 പത്രൊ. 3:18 ക്രിസ്തുവും, നിങ്ങളെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിന്, ഒരുവശത്ത് ജഡത്തിൽ മരണത്തിന് ഏൽപ്പിക്കപ്പെട്ടും, എന്നാൽ മറുവശത്ത് ആത്മാവിൽ ജീവിപ്പിക്കപ്പെട്ടും, നീതിമാൻ നീതികെട്ടവർക്കു പകരം, പാപങ്ങൾ നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു;

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

1 പത്രൊ. 3:21 ആ വെള്ളം, സ്നാനത്തിനു മുൻകുറിയായി, ഇപ്പോൾ നിങ്ങളെയും രക്ഷിക്കുന്നു, സ്നാനമോ ജഡത്തിലെ അഴുക്കു നീക്കിക്കളയുന്നതല്ല, പിന്നെയോ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിങ്കലേക്ക് നല്ല മനസ്സാക്ഷിയുടെ അഭ്യർഥനയത്രേ,

1 പത്രൊ. 3:22 അവൻ ദൈവത്തിന്റെ വലത്തുഭാഗത്താകുന്നു, അവൻ സ്വർഗത്തിലേക്കു പോയിട്ട് ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പ്പെട്ടിരിക്കുന്നു.

3. സ്വർഗത്തിൽനിന്നും അയയ്ക്കപ്പെട്ട ആത്മാവ്, ക്രിസ്തു വീണ്ടെടുക്കുകയും രക്ഷിക്കുകയും ചെയ്തവരെ വിശുദ്ധീകരിക്കുകയും നിർമലമാക്കുകയും ചെയ്തു (1:2, 12, 22; 4:14)— അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു (1:12).

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

1 പത്രൊ. 1:12 തങ്ങൾക്കുതന്നെയല്ല നിങ്ങൾക്കത്രേ അവർ ഈ കാര്യങ്ങൾ ശുശ്രൂഷിച്ചതെന്ന് അവർക്കു വെളിപ്പെട്ടു, അവ സ്വർഗത്തിൽ നിന്ന് അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചവരിലൂടെ ഇപ്പോൾ നിങ്ങളോട് അറിയിച്ചിരിക്കുന്നു, അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു.

1 പത്രൊ. 1:22 നിർവ്യാജ സഹോദര സ്നേഹത്തിങ്കൽ സത്യത്തിന്റെ അനുസരണത്താൽ നിങ്ങളുടെ ദേഹികളെ നിങ്ങൾ ശുദ്ധീകരിച്ചിരിക്കുന്നുതിനാൽ, നിർമല ഹൃദയത്തിൽ നിന്ന് തീക്ഷ്ണതയോടെ അന്യോന്യം സ്നേഹിക്കുവിൻ.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

4. ത്രിയേക ദൈവത്തിന്റെ ദിവ്യശക്തി വീണ്ടെടുക്കപ്പെട്ടവരെ പൂർണ്ണരക്ഷയിങ്കലേക്ക് കാക്കേടണ്ടതിന് (1 പത്രൊ. 1:5) ജീവനും ദൈവികതയും സംബന്ധിച്ച സകലവും (2 പത്രൊ. 1:3-4) നൽകിയിരിക്കുന്നു.

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ

വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

1 പത്രൊ. 1:5 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു;

5. ദൈവം അവരെ തന്റെ വിവിധമായ ചില ഭരണസംബന്ധമായ ന്യായവിധികളാൽ (1:17; 2:23; 4:5-6, 17; 2 പത്രൊ. 2:3-4, 9; 3:7) ശിക്ഷണവിധേയരാക്കി (5:6), തന്റെ സകല കൃപയാലും അവൻ അവരെ തികഞ്ഞവരാക്കുകയും, ഉറപ്പിക്കുകയും, ബലപ്പെടുത്തുകയും, അടിസ്ഥാനപ്പെടുത്തുകയും ചെയ്യും (1 പത്രൊ. 5:10).

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 2:23 അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു;

1 പത്രൊ. 4:5 ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കും.

1 പത്രൊ. 4:6 ഇതിനായിട്ടാകുന്നു മരിച്ചവരോടും സുവിശേഷം അറിയിച്ചത്, അവർ മനുഷ്യർക്കൊത്തവണ്ണം ജഡത്തിൽ ന്യായംവിധിക്കപ്പെടേണ്ടതിനും ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനും തന്നെ.

1 പത്രൊ. 4:17 എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും?

2 പത്രൊ. 2:3 ദ്രവ്യാഗ്രഹത്തിൽ, കെട്ടിച്ചമച്ച വാക്കുകൾകൊണ്ട്, അവർ നിങ്ങളെ വാണിജ്യമാക്കും, അവർക്കുള്ള പൂർവകാല ന്യായവിധി നിഷ്ക്രിയമല്ല, അവരുടെ നാശം ഉറങ്ങുന്നില്ല.

2 പത്രൊ. 2:4 പാപം ചെയ്ത ദൂതന്മാരെ ദൈവം അവശേഷിപ്പിക്കാതെ, താർതാറോസിലേക്ക് തള്ളിയിട്ട്, അവരെ, ന്യായവിധിക്കായി സൂക്ഷിച്ചു കൊണ്ട്, ഇരുണ്ട ഗർത്തത്തിന് ഏൽപ്പിക്കുകയും;

2 പത്രൊ. 2:9 ഭക്തനെ എങ്ങനെ പരീക്ഷയിൽ നിന്ന് വിടുവിക്കണമെന്നും, നീതികെട്ടവരെ ന്യായവിധിയുടെ, ദിവസത്തിനായി എങ്ങനെ ശിക്ഷയിൻ കീഴിൽ സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു,

2 പത്രൊ. 3:7 എന്നാൽ ഇപ്പോഴുള്ള ആകാശവും ഭൂമിയും, അതേ വചനത്താൽ, ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ നാശത്തിന്റെയും നാളിനായി സൂക്ഷിച്ചുകൊണ്ട്, തീയ്ക്കായി കരുതിവച്ചിരിക്കുന്നു എന്നത് അവർ മനഃപൂർവമായി അറിയാതിരിക്കുന്നു.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

6. അവർക്ക് എല്ലാവർക്കും രക്ഷയ്ക്കായി മാനസാന്തരപ്പെടുവാൻ അവസരം ഉണ്ടാകേണ്ടതിന് കർത്താവ് അവരോട് ദീർഘക്ഷമ ഉള്ളവനാണ്—2 പത്രൊ. 3:9, 15.

2 പത്രൊ. 3:9 ചിലർ താമസം എന്ന് കരുതുന്നതുപോലെ, വാഗ്ദത്തം സംബന്ധിച്ച് കർത്താവ് താമസിക്കുന്നില്ല, ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേക്കു മുന്നേറുവാൻ ഉദ്ദേശിച്ചുകൊണ്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുകയത്രേ ചെയ്യുന്നത്.

2 പത്രൊ. 3:15 നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷയായി എണ്ണുവിൻ, നമ്മുടെ പ്രിയ സഹോദരനായ പൗലൊസും, തനിക്കു ലഭിച്ച ജ്ഞാനത്തിനൊത്തവണ്ണം നിങ്ങൾക്ക് എഴുതിയതുപോലെ,

7. അപ്പോൾ, ക്രിസ്തു തന്റെ പ്രണയിനികൾക്കുവേണ്ടി തന്റെ പൂർണ്ണരക്ഷയോടുകൂടെ തേജസ്സിൽ പ്രത്യക്ഷനാകും—1 പത്രൊ. 1:5, 7-9, 13; 4:13; 5:4.

1 പത്രൊ. 1:5 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു;

1 പത്രൊ. 1:7 അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ;

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

1 പത്രൊ. 1:9 നിങ്ങളുടെ വിശ്വാസത്തിന്റെ അവസാനമായ, നിങ്ങളുടെ ദേഹികളുടെ രക്ഷ പ്രാപിച്ചുകൊണ്ട് തന്നെ.

1 പത്രൊ. 1:13 അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ അരകെട്ടി സുബോധമുള്ളവരായി, നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ.

1 പത്രൊ. 4:13 അവന്റെ തേജസ്സിന്റെ വെളിപാടിൽ നിങ്ങൾ ഉല്ലാസത്തോടെ സന്തോഷിക്കേണ്ടതിന്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ നിങ്ങൾ പങ്കുകൊള്ളുന്തോറും, സന്തോഷിക്കുവിൻ.

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ

വാടാത്ത കിരീടം കൈക്കൊള്ളും.

B. വിശ്വാസികളുടെ വശത്തുനിന്ന്:

1. ദൈവത്തിന്റെ അവകാശമായ വിശ്വാസികൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും (1:2; 2:9), അവന്റെ തേജസ്സിനാലും നന്മയാലും വിളിക്കപ്പെട്ടവരും (വാ. 9; 3:9; 2 പത്രൊ. 1:3, 10), ക്രിസ്തവിനാൽ വീണ്ടെടുക്കപ്പെട്ടവരും (1 പത്രൊ. 1:18-19), തന്റെ ജീവനുള്ള വചനം മുഖാന്തരം ദൈവത്താൽ വീണ്ടുംജനിച്ചവരും (വാ. 3, 23), ക്രിസ്തുവിന്റെ പുനരുത്ഥാനം മുഖാന്തരം രക്ഷിക്കപ്പെട്ടവരും ആകുന്നു (3:21).

| | |
|---|---|
| 1 പത്രൊ. 1:2 | പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. |
| 1 പത്രൊ. 2:9 | എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു; |
| 1 പത്രൊ. 3:9 | തിന്മയ്ക്കു പകരം തിന്മയോ ദൂഷണത്തിനു പകരം ദൂഷണമോ മടക്കിക്കൊടുക്കാതെ, അതിനു വിരുദ്ധമായി, അന്യോന്യം അനുഗ്രഹിക്കുകയത്രേ വേണ്ടത്, എന്തുകൊണ്ടെന്നാൽ ഇതിനാകുന്നു നിങ്ങളെ വിളിച്ചത്, നിങ്ങൾ അനുഗ്രഹം അവകാശമാക്കേണ്ടതിനു തന്നെ. |
| 2 പത്രൊ. 1:3 | തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ, |
| 2 പത്രൊ. 1:10 | അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല. |
| 1 പത്രൊ. 1:18 | നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല, |
| 1 പത്രൊ. 1:19 | നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ; |
| 1 പത്രൊ. 1:3 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |
| 1 പത്രൊ. 1:23 | ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ |

വീണ്ടുംജനിച്ചിരിക്കുന്നത്.

| | |
|---|---|
| 1 പത്രൊ. 3:21 | ആ വെള്ളം, സ്നാനത്തിനു മുൻകുറിയായി, ഇപ്പോൾ നിങ്ങളെയും രക്ഷിക്കുന്നു, സ്നാനമോ ജഡത്തിലെ അഴുക്കു നീക്കിക്കളയുന്നതല്ല, പിന്നെയോ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിങ്കലേക്ക് നല്ല മനസ്സാക്ഷിയുടെ അഭ്യർഥനയത്രേ, |

2. അവർ ഇപ്പോൾ ദൈവത്തിന്റെ ശക്തിയാൽ കാക്കപ്പെടുകയും (1:5), അന്യോന്യം സ്നേഹിക്കുവാൻ ശുദ്ധീകരിക്കപ്പെടുകയും (വാ. 22), വചനമെന്ന പാൽ കുടിച്ചു വളരുകയും (2:2), ജീവനിൽ ആത്മിക നന്മകൾ വികസിപ്പിക്കുകയും (2 പത്രൊ. 1:5-8), ഒരു ആത്മിക ഗൃഹമായി, ദൈവത്തെ സേവിക്കുന്ന വിശുദ്ധ പുരോഹിതവർഗമായി രൂപാന്തരപ്പെടുകയും പണിയപ്പെടുകയും ചെയ്യുന്നു (1 പത്രൊ. 2:4-5, 9).

| | |
|---|---|
| 1 പത്രൊ. 1:5 | അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു; |
| 1 പത്രൊ. 1:22 | നിർവ്യാജ സഹോദര സ്നേഹത്തിങ്കൽ സത്യത്തിന്റെ അനുസരണത്താൽ നിങ്ങളുടെ ദേഹികളെ നിങ്ങൾ ശുദ്ധീകരിച്ചിരിക്കുന്നുതിനാൽ, നിർമല ഹൃദയത്തിൽ നിന്ന് തീക്ഷ്ണതയോടെ അന്യോന്യം സ്നേഹിക്കുവിൻ. |
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |
| 2 പത്രൊ. 1:5 | ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും; |
| 2 പത്രൊ. 1:6 | പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും; |
| 2 പത്രൊ. 1:7 | ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ. |
| 2 പത്രൊ. 1:8 | എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു. |
| 1 പത്രൊ. 2:4 | മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, |
| 1 പത്രൊ. 2:5 | നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു. |
| 1 പത്രൊ. 2:9 | എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു; |

3. അവർ ദൈവത്തിന്റെ നന്മകളെ ആവിഷ്കരിക്കുവാൻ അവന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധ

ജാതിയും, അവന്റെ വ്യക്തിപരമായ അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവും ആകുന്നു—വാ. 9.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

4. അവർക്ക് കർത്താവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പകർന്നുനൽകുന്നതിനായി (1:11) അവർ അവന്റെ ഭരണപരമായ ന്യായവിധിയാൽ ശിക്ഷണമേൽക്കുകയും (1:17; 2:19-21; 3:9, 14, 17; 4:6, 12-19; 5:6, 9), അവനെ മഹത്വപ്പെടുത്തുവാൻ ഉൽകൃഷ്ടമായ രീതിയിലും ദൈവികതയിലും ഒരു വിശുദ്ധ ജീവിതം നയിക്കുകയും (1:15; 2:12; 3:1-2), ക്രിസ്തുവിലൂടെ ദൈവം മഹിമപ്പെടേണ്ടതിന് ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി—മൂപ്പന്മാരുടെ മാതൃകാപരമായ മേയ്പിൻ കീഴിൽ (5:1-4)—ശുശ്രൂഷിക്കുകയും (4:10-11), കർത്താവിന്റെ വരവിനെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു (1:13; 2 പത്രൊ. 3:12).

1 പത്രൊ. 1:17 മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ,

1 പത്രൊ. 2:19 എന്തെന്നാൽ, ഒരുവൻ ദൈവത്തെക്കുറിച്ചുള്ള ഉൾബോധം നിമിത്തം, അന്യായമായി കഷ്ടമേറ്റുകൊണ്ട് ദുഃഖങ്ങൾ വഹിക്കുന്നു എങ്കിൽ, ഇതാകുന്നു കൃപ.

1 പത്രൊ. 2:20 നിങ്ങൾ പാപം ചെയ്യുമ്പോൾ അടികൊള്ളുന്നത് സഹിക്കുന്നു എങ്കിൽ, അത് എന്ത് മഹത്വമാകുന്നു? എന്നാൽ നിങ്ങൾ നന്മ ചെയ്യുമ്പോൾ കഷ്ടമേറ്റു കൊണ്ട് സഹിക്കുന്നു എങ്കിൽ, ഇത് ദൈവമുമ്പാകെ കൃപയാകുന്നു.

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

1 പത്രൊ. 3:9 തിന്മയ്ക്കു പകരം തിന്മയോ ദൂഷണത്തിനു പകരം ദൂഷണമോ മടക്കിക്കൊടുക്കാതെ, അതിനു വിരുദ്ധമായി, അന്യോന്യം അനുഗ്രഹിക്കുകയത്രേ വേണ്ടത്, എന്തുകൊണ്ടെന്നാൽ ഇതിനാകുന്നു നിങ്ങളെ വിളിച്ചത്, നിങ്ങൾ അനുഗ്രഹം അവകാശമാക്കേണ്ടതിനു തന്നെ.

1 പത്രൊ. 3:14 നീതി നിമിത്തം കഷ്ടമനുഭവിച്ചാൽകൂടി, നിങ്ങൾ അനുഗൃഹീതരാകുന്നു. അവരിൽ നിന്നുള്ള ഭീതിയാൽ ഭയപ്പെടരുത്, കലങ്ങിപ്പോകുകയും അരുത്,

1 പത്രൊ. 3:17 ദൈവഹിതം അത് ഇച്ഛിക്കുന്നെങ്കിൽ, നിങ്ങൾ തിന്മ ചെയ്തു കഷ്ടമനുഭവിക്കുന്നതിനെക്കാൾ നന്മ ചെയ്തു കഷ്ടമനുഭവിക്കുന്നതു നല്ലത്.

1 പത്രൊ. 4:6 ഇതിനായിട്ടാകുന്നു മരിച്ചവരോടും സുവിശേഷം അറിയിച്ചത്, അവർ മനുഷ്യർക്കൊത്തവണ്ണം ജഡത്തിൽ ന്യായംവിധിക്കപ്പെടേണ്ടതിനും ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനും തന്നെ.

| | |
|---|---|
| 1 പത്രൊ. 4:12 | പ്രിയരേ, നിങ്ങളുടെ അടുക്കൽ പരീക്ഷയ്ക്കായി വരുന്ന നിങ്ങളുടെ ഇടയിലെ അഗ്നിശോധന, നിങ്ങൾക്കു വിചിത്രമായ കാര്യം സംഭവിക്കുന്നു എന്നപോലെ, വിചിത്രമെന്നു കരുതരുത്; |
| 1 പത്രൊ. 4:13 | അവന്റെ തേജസ്സിന്റെ വെളിപാടിൽ നിങ്ങൾ ഉല്ലാസത്തോടെ സന്തോഷിക്കേണ്ടതിന്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ നിങ്ങൾ പങ്കുകൊള്ളുന്തോറും, സന്തോഷിക്കുവിൻ. |
| 1 പത്രൊ. 4:14 | നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗ്രഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു. |
| 1 പത്രൊ. 4:15 | നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ, പരകാര്യത്തിൽ ഇടപെടുന്നവനോ ആയിട്ട് കഷ്ടമനുഭവിക്കാതിരിക്കട്ടെ; |
| 1 പത്രൊ. 4:16 | എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ. |
| 1 പത്രൊ. 4:17 | എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു; അത് ആദ്യം നമ്മിൽ നിന്നെങ്കിലോ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും? |
| 1 പത്രൊ. 4:18 | നീതിമാനായ മനുഷ്യൻ പ്രയാസത്തോടെ മാത്രം രക്ഷിക്കപ്പെടുന്നു എങ്കിൽ, അഭക്തനും പാപിയും എവിടെ നിൽക്കും? |
| 1 പത്രൊ. 4:19 | അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ. |
| 1 പത്രൊ. 5:6 | അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, |
| 1 പത്രൊ. 5:9 | ലോകത്തിൽ നിങ്ങളുടെ സഹോദരവർഗത്തിനിടയിൽ അതേ കഷ്ടതകൾ നിവൃത്തിയാകുന്നു എന്ന് അറിഞ്ഞുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ ഉറപ്പുള്ളവരായി, അവനെ ചെറുത്തുനിൽക്കുവിൻ. |
| 1 പത്രൊ. 1:15 | നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. |
| 1 പത്രൊ. 2:12 | അങ്ങനെ ദുഷ്പ്രവൃത്തിക്കാർ എന്ന് നിങ്ങൾക്കെതിരെ അവർ പറയുന്നതിൽ, നിങ്ങളുടെ സൽപ്രവൃത്തികളാൽ, അവയെ തങ്ങളുടെ സ്വന്ത കണ്ണുകൾകൊണ്ട് കണ്ടിട്ട്, തന്റെ സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനുതന്നെ. |
| 1 പത്രൊ. 3:1 | അങ്ങനെതന്നെ ഭാര്യമാരേ, നിങ്ങളുടെ സ്വന്തം ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ, അവരിൽ ആരെങ്കിലും വചനം അനുസരിച്ചില്ലെങ്കിൽ കൂടി, ഭയത്തോടു കൂടിയ നിങ്ങളുടെ നിർമല നടപ്പ് തങ്ങളുടെ സ്വന്ത കണ്ണാൽ കണ്ട്, |
| 1 പത്രൊ. 3:2 | വചനം കൂടാതെ തങ്ങളുടെ ഭാര്യമാരുടെ നടപ്പിനാൽ അവർ നേടപ്പെടും. |
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, |

ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

1 പത്രൊ. 4:11 ഒരുവൻ സംസാരിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ അരുളപ്പാടുകൾ സംസാരിക്കുന്നതുപോലെ; ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ, ദൈവം പ്രദാനം ചെയ്യുന്ന ശക്തിയിൽനിന്ന് ശുശ്രൂഷിക്കുന്നതുപോലെ; അങ്ങനെ എല്ലാറ്റിലും ദൈവം യേശു ക്രിസ്തുവിലൂടെ മഹത്വപ്പെടേണ്ടതിനുതന്നെ, മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ.

1 പത്രൊ. 5:1 അതുകൊണ്ട് ഒരു കൂട്ടുമൂപ്പനും, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ സാക്ഷിയും, വെളിപ്പെടുവാനുള്ള തേജസ്സിന്റെ പങ്കാളിയുമായ ഞാൻ നിങ്ങളുടെ ഇടയിലുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നത്:

1 പത്രൊ. 5:2 നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും,

1 പത്രൊ. 5:3 നിങ്ങളുടെ ഓഹരികളുടെ മേൽ കർത്തൃത്വം നടത്തിക്കൊണ്ടല്ല ആട്ടിൻകൂട്ടത്തിന് മാതൃകകളായത്തീർന്നും, മേൽനോട്ടം വഹിച്ചുകൊണ്ടത്രേ.

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

1 പത്രൊ. 1:13 അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ അരകെട്ടി സുബോധമുള്ളവരായി, നിങ്ങളുടെ പ്രത്യാശയെ യേശു ക്രിസ്തുവിന്റെ വെളിപാടിൽ നിങ്ങൾക്കു കൊണ്ടുവരുന്ന കൃപയിന്മേൽ പൂർണമായി ഉറപ്പിക്കുവിൻ.

2 പത്രൊ. 3:12 ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത് ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം?

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

5. കൂടാതെ, അവർ നിത്യതയിൽ നീതി വസിക്കുന്ന പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും പ്രതീക്ഷിക്കുകയും (3:13), നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും നിരന്തരം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു (വാ. 18).

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

C. സാത്താന്റെ വശത്തുനിന്ന്—പിശാചായ സാത്താൻ വിശ്വാസികളുടെ എതിരാളിയാണ്, അവൻ അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണം എന്ന് അന്വേഷിക്കുന്നു—1 പത്രൊ. 5:8.

| | |
|---|---|
| 1 പത്രൊ. 5:8 | സുബോധമുള്ളവരായിരിക്കുവിൻ; ഉണർന്നിരിക്കുവിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹം എന്നപോലെ, ആരെ വിഴുങ്ങേണം എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. |

D. പ്രപഞ്ചത്തിന്റെ വശത്തുനിന്ന്:

1. വീണുപോയ ദൂതന്മാർ ശിക്ഷവിധിക്കപ്പെട്ടവരാണ്, അവർ നിത്യ ന്യായവിധി കാത്തിരിക്കുന്നു (2 പത്രൊ. 2:4); പുരാതനമായ ഭക്തികെട്ട ലോകം ഒരു ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ടു (വാ. 5; 3:6); ഭക്തികെട്ട പട്ടണങ്ങൾ ചാരമാക്കപ്പെട്ടു (2:6); വിശ്വാസത്യാഗികളായ വ്യാജ ഉപദേഷ്ടാക്കന്മാരും വചനവിരുദ്ധരായ പരിഹാസികളും, തന്റെ ദുഷിച്ച ജീവിതത്തിലുള്ള മനുഷ്യവർഗ്ഗവും എല്ലാം നാശത്തിനായി ന്യായംവിധിക്കപ്പെടും (വാ. 1, 3, 9-10, 12; 3: 3-4, 7; 1 പത്രൊ. 4:5); ആകാശവും ഭൂമിയും എരിഞ്ഞുപോകും (2 പത്രൊ. 3:7, 10-11); മരിച്ചവരും ഭൂതങ്ങളും ന്യായംധിക്കപ്പെടും (1 പത്രൊ. 4:5).

| | |
|---|---|
| 2 പത്രൊ. 2:4 | പാപം ചെയ്ത ദൂതന്മാരെ ദൈവം അവശേഷിപ്പിക്കാതെ, താർതാറോസിലേക്ക് തള്ളിയിട്ട്, അവരെ, ന്യായവിധിക്കായി സൂക്ഷിച്ചു കൊണ്ട്, ഇരുണ്ട ഗർത്തത്തിന് ഏൽപ്പിക്കുകയും; |
| 2 പത്രൊ. 2:5 | പുരാതന ലോകത്തെ അവശേഷിപ്പിക്കാതെ, ഭക്തികെട്ടവരുടെ ലോകത്തിന്മേൽ അവൻ ജലപ്രളയം കൊണ്ടുവന്നപ്പോൾ, നീതിഘോഷകനായ, നോഹയെ ഏഴു പേരൊടൊപ്പം കാക്കുകയും; |
| 2 പത്രൊ. 3:6 | അതിലൂടെ അന്നുണ്ടായിരുന്ന ലോകം, ജലപ്രളയമുണ്ടായിട്ട് നശിക്കുകയും, |
| 2 പത്രൊ. 2:6 | സൊദോം ഗൊമോറാ പട്ടണങ്ങളെ ചാരമാക്കി, ഭക്തികെട്ട ജീവിതം നയിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് അവയെ ഒരു ദൃഷ്ടാന്തമായി വച്ചിട്ട്, നാശത്തിനു കുറ്റം വിധിക്കുകയും, |
| 2 പത്രൊ. 2:1 | എന്നാൽ ജനത്തിനിടയിൽ കള്ളപ്രവാചകന്മാരും എഴുന്നേറ്റു, നിങ്ങളുടെ ഇടയിൽ ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും, അവർ നാശകരമായ ഭിന്നതകൾ രഹസ്യത്തിൽ കൊണ്ടുവരും, അവരെ വാങ്ങിയ യജമാനനെ പോലും ത്യജിച്ചുകൊണ്ട്, തങ്ങളുടെ മേൽ ശീഘ്രനാശം വരുത്തുന്നു. |
| 2 പത്രൊ. 2:3 | ദ്രവ്യാഗ്രഹത്തിൽ, കെട്ടിച്ചമച്ച വാക്കുകൾകൊണ്ട്, അവർ നിങ്ങളെ വാണിജ്യമാക്കും, അവർക്കുള്ള പൂർവകാല ന്യായവിധി നിഷ്ക്രിയമല്ല, അവരുടെ നാശം ഉറങ്ങുന്നില്ല. |
| 2 പത്രൊ. 2:9 | ഭക്തനെ എങ്ങനെ പരീക്ഷയിൽ നിന്ന് വിടുവിക്കണമെന്നും, നീതികെട്ടവരെ ന്യായവിധിയുടെ, ദിവസത്തിനായി എങ്ങനെ ശിക്ഷയിൻ കീഴിൽ സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു, |
| 2 പത്രൊ. 2:10 | വിശേഷാൽ മലിനതയ്ക്കായി മോഹത്തിൽ ജഡത്തിനു പിന്നാലെ പോകുകയും കർത്തൃത്വത്തെ നിന്ദിക്കുകയും ചെയ്യുന്നവരെ തന്നെ. ധാർഷ്ട്യമുള്ളവരും തന്നിഷ്ടക്കാരുമായ അവർ പ്രതാപങ്ങളെ അധിക്ഷേപിക്കുമ്പോൾ വിറയ്ക്കുന്നില്ല; |
| 2 പത്രൊ. 2:12 | എന്നാൽ ഇവർ, ബുദ്ധിശൂന്യരായ മൃഗങ്ങളെപ്പോലെ, |

കവർച്ചയ്ക്കും നാശത്തിനുമായി സ്വാഭാവികമായി ജനിച്ച്, തങ്ങൾ അജ്ഞരായ കാര്യങ്ങളെക്കുറിച്ച് അധിക്ഷേപിച്ചുകൊണ്ട്, മറ്റുള്ളവരെ ദുഷിപ്പിക്കുന്നതിലും അവർ നശിപ്പിക്കപ്പെടും.

2 പത്രൊ. 3:3 അന്ത്യനാളുകളിൽ തങ്ങളുടെ സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം പോകുന്ന പരിഹാസികൾ പരിഹാസത്തോടെ വരുകയും,

2 പത്രൊ. 3:4 അവന്റെ വരവിന്റെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രപ്രാപിച്ചതുമുതൽ, സകലവും സൃഷ്ടിയുടെ ആരംഭം മുതൽ അതേ രീതിയിൽ തുടർന്നുവരുന്നുവല്ലോ എന്ന് പറയുകയും ചെയ്യും എന്ന് ആദ്യംതന്നെ അറിഞ്ഞു കൊള്ളുക.

2 പത്രൊ. 3:7 എന്നാൽ ഇപ്പോഴുള്ള ആകാശവും ഭൂമിയും, അതേ വചനത്താൽ, ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ നാശത്തിന്റെയും നാളിനായി സൂക്ഷിച്ചുകൊണ്ട്, തീയ്ക്കായി കരുതിവച്ചിരിക്കുന്നു എന്നത് അവർ മനഃപൂർവമായി അറിയാതിരിക്കുന്നു.

1 പത്രൊ. 4:5 ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കുവാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്കു ബോധിപ്പിക്കും.

2 പത്രൊ. 3:10 എന്നാൽ കർത്താവിന്റെ നാൾ കള്ളനെപ്പോലെ വരും, അതിൽ ആകാശം മുഴക്കത്തോടെ നീങ്ങിപ്പോകുകയും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്തലിയുകയും, ഭൂമിയും അതിലുള്ള വേലകളും എരിഞ്ഞു പോകുകയും ചെയ്യും.

2 പത്രൊ. 3:11 അങ്ങനെ ഇവയെല്ലാം അലിഞ്ഞുപോകാനിരിക്കുന്നതിനാൽ,

2. അപ്പോൾ പുതിയ ആകാശവും പുതിയ ഭൂമിയും ഒരു പുതിയ പ്രപഞ്ചമായി വരും, അതിൽ ദൈവത്തിന്റെ നീതി നിത്യതയോളം വസിക്കും—2 പത്രൊ. 3:13; പ്ര.നി. യെശ. 1:26.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

യെശ. 1:26 ഞാൻ നിന്റെ ന്യായാധിപന്മാരെ ആദിയിങ്കൽ എന്നപോലെയും നിന്റെ ആലോചനക്കാരെ ആരംഭത്തിങ്കൽ എന്നപോലെയും ആക്കും; അതിന്റെശേഷം നീ നീതിപുരം എന്നും വിശ്വസ്തനഗരം എന്നും വിളിക്കപ്പെടും.